15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2148 — 09-02-2023 - ൽ മറുപടിയ്ക്ക്

പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | **ഉണ്ട്. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ 1000 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ആർദ്രം മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി നാഷണൽ ഹെൽത്ത് മിഷനും പ്ലാൻഫണ്ടും വഴി ഓരോ സ്ഥാപനത്തിലും തുക അനുവദിച്ചിരുന്നു. ഇതു കൂടാതെ NHM ROP, Plan Fund, MLAADS, MP Fund തുടങ്ങിയവ വഴിയും തുക അനുവദിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പുകളും സ്വരൂപിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളുടെ CSR Fund ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ലാബ് ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് കേരള പ്രോജക്ട് വഴി കംപ്യൂട്ടർ വൽക്കരണവും നടത്തി. ഇവയെല്ലാം ഒത്തുചേർത്തുകൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി Primary waiting area, Reception counter, Secondary waiting area, OP room ensuring privacy to patients, laboratory, Pharmacy with waiting area, other amentities such as drinking water, Television in waiting area, disabled friendly toilet, Garden, Yoga Hall ഇവ ഓരോ സ്ഥാപനത്തിലും ഏർപ്പെടുത്തിയാണ് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നത്.** |
| (ബി) | കണ്ണൂർ ജില്ലയിലെ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ ഈ സർക്കാർ വന്നതിന് ശേഷം | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെ പറയും പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ |

| | | | |
|---|---|---|---|
| | ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്; ലിസ്റ്റ് സഹിതം വിശദമാക്കാമോ? | | കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. |

| | |
|---|---|
| 1. | പ്രാഥമികാരോഗ്യകേന്ദ്രം നാറാത്ത് |
| 2. | പ്രാഥമികാരോഗ്യകേന്ദ്രം പുതിയങ്ങാടി ഫിഷറീസ് |
| 3. | പ്രാഥമികാരോഗ്യകേന്ദ്രം പറശ്ശിനിക്കടവ് |
| 4. | പ്രാഥമികാരോഗ്യകേന്ദ്രം വള്ളിത്തോട് |
| 5. | പ്രാഥമികാരോഗ്യകേന്ദ്രം കുന്നോത്തുപറമ്പ |
| | പ്രാഥമികാരോഗ്യകേന്ദ്രം കുറ്റ്യാട്ടൂർ |

സെക്ഷൻ ഓഫീസർ